| S001 | CO |
|---|---|

# കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

No.A&VC5/1704/2022

ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ കാര്യാലയം
ട്രാൻസ്പോർട്ട് ഭവൻ ,ഫോർട്ട് ,
തിരുവനന്തപുരം,തീയതി :27.11.2023

## കാരണം കാണിക്കൽ നോട്ടീസ്

വിഴിഞ്ഞം യൂണിറ്റിലെ കണ്ടക്ടറായ ശ്രീ.അനൂപ്.എ.എം എന്ന താങ്കൾ 15.03.2018 മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകുന്നില്ല.യഥാസമയം അവധി അപേക്ഷ സമർപ്പിക്കാതെയും, മേലധികാരികളിൽ നിന്നും മുൻകൂട്ടി അനുവാദം വാങ്ങാതെയും ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നത് കുറ്റകരമാണ്. ആയത് കോർപ്പറേഷന്റെ സുഗമമായ സർവ്വീസ് നടത്തിപ്പിന് തടസ്സമുണ്ടാക്കുകയും ചെയ്യുന്നു. മേൽ കാരണങ്ങളാൽ വിഴിഞ്ഞം യൂണിറ്റിലെ കണ്ടക്ടർ ശ്രീ.അനൂപ്.എ.എം - എന്ന താങ്കൾക്ക് 1960 –ലെ കേരളാ സിവിൽ സർവ്വീസ് (തരം തിരിവും,നിയന്ത്രണവും,അപ്പീലും ) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം 04.02.2023 തീയതിയായി കുറ്റപത്രം നൽകുകയുണ്ടായി.

നാളിതുവരെ ആയതിൻമേൽ താങ്കൾ യാതൊരുവിധ മറുപടി സമർപ്പിച്ചിട്ടില്ലാത്തതുമാണ്. തുടർന്ന് ചട്ടപ്രകാരമുള്ള വിശദാന്വേഷണത്തിനായി തിരു.സൗത്ത് ജില്ലാധികാരിയെ ചുമതലപ്പെടുത്തുകയും അന്വേഷണ ഉദ്യോഗസ്ഥൻ, താങ്കൾ വിചാരണയ്ക്ക് ഹാജരാകാത്തതിനെ തുടർന്ന് ലഭ്യമായ രേഖകളുടെയും സാക്ഷിമൊഴികളുടെയും അടിസ്ഥാനത്തിൽ താങ്കളെ കുറ്റക്കാരനായി കണ്ടെത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്. ടി റിപ്പോർട്ടിന്റെ പകർപ്പ് താങ്കൾക്ക് അയച്ചു നൽകിയെങ്കിലും സേവന പുസ്തകത്തിലെ മേൽ വിലാസത്തിൽ ഇല്ലാത്തതിനാൽ കൈമാറുവാൻ കഴിഞ്ഞിട്ടില്ലാത്തതുമാണ്.

ഫയലും, അനുബന്ധരേഖകളും വിശദമായി പരിശോധിച്ചു.ദീർഘകാലം അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നതിന് യാതൊരുവിധ വിശദീകരണം നാളിതുവരെ താങ്കൾ നൽകിയിട്ടില്ല. 15.03.2018 മുതൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കുന്നതിലൂടെ താങ്കളുടെ സേവനം ദീർഘകാലമായി കോർപ്പറേഷന് ലഭിക്കാതിരിക്കുകയും,താങ്കളുടെ മേൽ പ്രവൃത്തി കോർപ്പറേഷന്റെ സുഗമമായ സർവ്വീസ് നടത്തിപ്പിന് തടസ്സം സൃഷ്ടിക്കുകയും അപരിഹാര്യമായ ധനനഷ്ടത്തിന് ഇടയാക്കുകയും ചെയ്തിട്ടുള്ളതാണ്. ഗുരുതരമായ കൃത്യവിലോപവും,അവധി ചട്ടങ്ങളുടെ ലംഘനവുമാണ് താങ്കളുടെ ഭാഗത്ത് നിന്നും ഉണ്ടായിരിക്കുന്നത്. പ്രസ്തുത കുറ്റത്തിന് കഠിനമായ ശിക്ഷയ്ക്ക് താങ്കൾ അർഹനാണ്. ആകയാൽ ശ്രീ.അനൂപ്.എ.എം, എന്ന താങ്കളെ 1960-ലെ കേരള സിവിൽ സർവ്വീസ് (തരം തിരിവും,നിയന്ത്രണവും, അപ്പീലും)ചട്ടങ്ങളിലെ ചട്ടം 11(vii) പ്രകാരം കോർപ്പറേഷന്റെ സേവനങ്ങളിൽ നിന്നും നീക്കം ചെയ്യുവാന് ഉദ്ദേശിക്കുന്നു.

ഈ ശിക്ഷ ശ്രീ.അനൂപ് എ.എം എന്ന താങ്കളിൽ ചുമത്തപ്പെടാതിരിക്കാനുള്ള എതിർവാദങ്ങളടങ്ങിയ വിശദീകരണം ഈ നോട്ടീസ് കിട്ടുന്ന തീയതി മുതൽ 15 ദിവസത്തിനകം സമർപ്പിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു. നിശ്ചിത ദിവസത്തിനകം കിട്ടുന്ന ഏതൊരു വിശദീകരണവും അന്തിമ തീരുമാനമെടുക്കുന്നതിന് മുൻപ് പരിഗണിക്കുന്നതാണ്. എതിർ വാദങ്ങളടങ്ങിയ വിശദീകരണം നിശ്ചിത ദിവസത്തിനകം ലഭിക്കുന്നില്ലായെങ്കിൽ താങ്കൾക്ക് എതിർവാദങ്ങളോ,വിശദീകരണമോ നല്കുവാനില്ലായെന്ന് അനുമാനിക്കുന്നതും അനന്തര നടപടി കൈക്കൊള്ളുന്നതുമാണ്.

എ ഷാജി
( ഗവ : ജോയിന്റ് സെക്രട്ടറി )
എക്സിക്യൂട്ടീവ് ഡയറക്ടർ (വിജിലൻസ്)

സ്വീകർത്താവ്

ശ്രീ .അനൂപ്.എ.എം ,കണ്ടക്ടർ ,വിഴിഞ്ഞം
(ജില്ലാധികാരി തിരു.സൗത്ത് മുഖാന്തിരം)

പകർപ്പ് : ജില്ലാ അധികാരി തിരു.സൗത്ത് - ടി നോട്ടീസ് ടിയാന് കൈമാറി
കൈപ്പറ്റിയതായി മറ്റൊരു പകർപ്പിൽ തീയതിവച്ച് ഒപ്പിട്ട്,
തിരിച്ചയക്കേണ്ടതാണ്

ഫയൽ &സ്റ്റോക്ക് ഫയൽ

DL